(സി) പ്രസ്തുത പദ്ധതിക്കായി 3063.97 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലേക്കായി സംസ്ഥാന സർക്കാർ കേന്ദ്ര റയിൽ മന്ത്രാലയവുമായി ആശയവിനിമയം നടത്തിവരുന്നു. ബഹു. മുഖ്യമന്ത്രി റയിൽവേ വകുപ്പ് മന്ത്രിയുമായും ഉദ്യോഗസ്ഥർ റെയിൽവേ ബോർഡ് ഉദ്യോഗസ്ഥരുമായും ചർച്ചകൾ നടത്തിവരുന്നു.

പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള വിജിലൻസ് സമിതികൾ

8 (*38) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവിഭാഗക്കാരുടെ ക്ഷേമത്തിനായി മുഖ്യമന്ത്രി ചെയർമാനായി നിയമിച്ച സംസ്ഥാന വിജിലൻസ് സമിതിയും കളക്ടർ ചെയർമാനായി നിയമിച്ച ജില്ലാ വിജിലൻസ് സമിതിയും യോഗം ചേർന്ന് ആദിവാസിക്ഷേമം അവലോകനം നടത്താറുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത കമ്മിറ്റികൾ രൂപീകരിച്ചശേഷം എത്ര തവണ യോഗം ചേർന്നുവെന്ന് വിശദമാക്കാമോ ;

(സി) ഇത്തരം സമിതികൾ യോഗം ചേർന്ന് യഥാസമയം ആദിവാസി ക്ഷേമ പ്രവർത്തനങ്ങൾ അവലോകനം നടത്താത്തതുകാരണം ഈ മേഖലയിൽ നടക്കുന്ന അഴിമതിയും ഉദ്യോഗസ്ഥ അനാസ്ഥയും ഇടനിലക്കാരുടെ ചൂഷണവും തടയുന്നതിന് സാധിക്കുന്നില്ല എന്ന പരാതിയെക്കുറിച്ച് നിലപാട് വ്യക്തമാക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി):

LIBRARY ARCHIVES Kerala Legislative Assembly

(എ) ഉണ്ട്.

(ബി) സംസ്ഥാനതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി 2008 മുതൽ 6 പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്. ജില്ലാതല യോഗം ചേർന്നത് സംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(സി). പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അവലോകനമാണ് മുഖ്യമന്ത്രി ചെയർമാനായുള്ള സംസ്ഥാനതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി നടത്തിവരുന്നത്. ആദിവാസി ക്ഷേമ പ്രവർത്തനങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് വകുപ്പുമന്ത്രിയും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറും യഥാസമയം അവലോകനം നടത്താറുണ്ട്. കൂടാതെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് അഴിമതിയും ഉദ്യോഗസ്ഥ അനാസ്ഥയും ഇടനിലക്കാരുടെ ചൂഷണവും നടത്തുന്നതായ പരാതികൾ ലഭിക്കുന്നപക്ഷം ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് അതാത് പ്രദേശത്തെ എം.എൽ.എ. (ചെയർമാൻ), പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ (കൺവീനർ), ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ അംഗങ്ങളായിട്ടുള്ള ഒരു കമ്മിറ്റി ഇവ മോണിറ്ററിംഗ് നടത്തിവരുന്നുണ്ട്.

വ്യവസായ സൗഹൃദ സംസ്ഥാനം

9 (*39) ശ്രീ. പി. കെ. ബഷീർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എം. ഉമ്മർ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിക്ഷേപം വൻതോതിൽ ഉറപ്പിക്കുവാനും വ്യവസായ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റുവാനും വേണ്ടി വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly